പുളിമാത്ത് ദേവസ്വം ബോർഡ് ഹൈസ്കൂളിൽ പ്ലസ്ടു കോഴ്സ്

118 (6823) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുളിമാത്ത് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ദേവസ്വം ബോർഡ് ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് ദേവസ്വം ബോർഡ് വിദ്യാഭ്യാസ വകുപ്പിനോട് ശിപാർശ ചെയ്തിട്ടുണ്ടോ ;

(ബി) പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ പ്ലസ് ടു കോഴ്സ് ഉള്ള സ്കൂൾ ഇല്ലാത്ത പശ്ചാത്തലത്തിൽ പ്രസ്തുത സ്കൂളിന് പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് വേണ്ട ശിപാർശ നൽകുമോ ?

ഉത്തരം

(എ) ദേവസ്വം ബോർഡ് വിദ്യാഭ്യാസ വകുപ്പിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) സർക്കാരിന്റെ നിലവിലുള്ള നയപരമായ തീരുമാനപ്രകാരം സർക്കാർ/എയ്ഡഡ് മേഖലയിൽ അധിക ഹയർ സെക്കൻഡറി ബാച്ചുകളാണ് അനുവദിച്ചു വരുന്നത്. പ്രാദേശിക വിദ്യാഭ്യാസ ആവശ്യകതയുടെ അടിസ്ഥാനത്തിലും സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടോ എന്നതിന്റെ അടിസ്ഥാനത്തിലും ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് യോഗ്യതാക്രമത്തിൽ കോഴ്സുകൾ ആരംഭിക്കുന്നത്. പുതിയ ബാച്ചുകൾ അനുവദിക്കാൻ ഇപ്പോൾ തീരുമാനമെടുത്തിട്ടില്ല എന്ന് വിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്.

കെ. വി. ജയപ്രസാദിന്റെ ആശ്രിത നിയമനം

119 (6824) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള തിരുമൂഴിക്കുളം ദേവസ്വത്തിൽ തകിൽക്കാരനായിരുന്ന കെ. വി. ജയപ്രസാദിന്റെ മരണത്തെത്തുടർന്ന് കുടുംബത്തിന് കിട്ടുവാനുള്ള ആനുകൂല്യങ്ങൾ ദേവസ്വം ബോർഡ് നൽകിയിട്ടുണ്ടോ ; ഇല്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ ; ഇവ എന്ന് കൊടുത്തു തീർക്കാൻ കഴിയും എന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ജീവനക്കാരന്റെ ആശ്രിതയ്ക്ക് നിയമനം നൽകിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് അപേക്ഷ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അപേക്ഷ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; എന്ന് ഈ അപേക്ഷയിൽ തീരുമാനമെടുക്കാൻ കഴിയും എന്നറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രീ. കെ. വി. ജയപ്രസാദിന്റെ അവകാശികൾക്കർഹതയുള്ള ഫാമിലി പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും ടിയാന്റെ ഫൈനൽ എൻ.എൽ.സി. ലഭിച്ചിട്ടില്ലാത്തതിനാൽ ഗ്രാറ്റുവിറ്റി അനുവദിച്ചിട്ടില്ലെന്നും എൻ.എൽ.സി. ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതായും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) ആശ്രിത നിയമനത്തിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും ആയതിന്മേൽ നിയമാനുസൃതമായ നടപടികൾ നടന്നുവരുന്നതായും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

ഡിസലൈനേഷൻ പ്ലാന്റുകൾ

120 (6825) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡിസലൈനേഷൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ ; വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എത്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത് ;

(ഇ) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എത്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പദ്ധതികൾ പരിഗണനയിലുണ്ട്. ആലപ്പുഴ ജില്ലയിൽ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ, പിങ്ങോലി, കാർത്തികപ്പള്ളി, മുതുകുളം എന്നീ പഞ്ചായത്തുകൾക്കുവേണ്ടി പരമാണാംശമുള്ള ജലം ശുദ്ധീകരിക്കാൻ ഡിസലൈനേഷൻ പ്ലാന്റ് ഉൾപ്പെടെയുള്ള ഒരു പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയത് പരിഗണനയിലാണ്. ഇതുകൂടാതെ എറണാകുളം ജില്ലയിലെ കുന്നുങ്ങിയിൽ കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്നതിനുള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇത് ഒരു എം.എൽ.ഡി. ജലവും ഒരു മെഗാവാട്ട് വൈദ്യുതിയും ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയാണ്. പ്രസ്തുത റിപ്പോർട്ട് വിശദമായ പരിശോധനയിലാണ്. കൂടാതെ, കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവംമൂലം

LIBRARY ARCHIVES Kerala Legislative Assembly